⇨ അപ്പോഴല്ലേ ട്രിഡയുടെ കണ്ണ് അട്ടക്കുളങ്ങര സ്കൂളിൽ പതിയുന്നത് ⇨

# അവസാന വാക്ക് ആരുടേത്?

തിരുവനന്തപുരം വികസന അതോറിറ്റിയുടെ (ട്രിഡ) മൊബിലിറ്റി ഹബ്ബിന് 'തടസ്സമായി നിൽക്കുന്ന' ആർക്കും വേണ്ടാത്ത ഒരു പഴയ സർക്കാർ സ്കൂളും കുറച്ചു മരങ്ങളും കുറേ പാവപ്പെട്ട കുട്ടികളും ചരിത്രത്തിൽ ഇടംനേടാൻ പോകുന്ന നിർണ്ണായകമായ ഒരു ദൗത്യമായി മുന്നോട്ടു പോവുകയാണ്. അവരുടെ ശബ്ദം ഉറപ്പായും ഈ ലോകം കേൾക്കേണ്ടതുണ്ടെന്ന്

**എസ്. അനിത**

**കഴിഞ്ഞ** മൂന്നു വർഷമായി തിരുവനന്തപുരം നഗരവികസനത്തിന്റെ മുഖ്യപദ്ധതികളിലൊന്നായ, തിരുവനന്തപുരം വികസന അതോറിറ്റിയുടെ (ട്രിഡ) മൊബിലിറ്റി ഹബ്ബിന് തടസ്സമായി നിന്നത് കുറച്ചു മരങ്ങളും 'പാവപ്പെട്ട' കുറേ കുട്ടികളുമാണ്. എന്തുകൊണ്ടെന്നല്ലേ? ട്രിഡയുടെ ലക്ഷ്യം കിഴക്കേക്കോട്ടയിലെ 125 വർഷം പഴക്കമുള്ള അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂളിലെ രണ്ടേക്കർ ഭൂമിയാണ്. തിരക്കും ചൂടും പുകയും നിറഞ്ഞ കിഴക്കേകോട്ടയിലെ ഈ പച്ചത്തുരുത്തിൽ 32 ഇനത്തിൽപ്പെട്ട നൂറോളം മരങ്ങളുണ്ട്. 85 വിവിധ തരത്തിലുള്ള ചെറിയ സസ്യങ്ങളുടെ കലവറയാണിവിടം. ദേശാടനക്കിളികളുൾപ്പെടെ ഇരുപതിൽപ്പരം ചിത്രശലഭങ്ങളും തുമ്പികളുമിവിടെ ആഹാരവും അഭയവും തേടുന്നു. നഗരത്തിലെ ഹരിതശ്വാസകോശമെന്നും ജൈവവൈവിധ്യ ഹോട്ട്സ്പോട്ട് എന്നും നാമകരണം ചെയ്യാമെന്ന ലളിതമായ ഉദ്ദേശത്തോടെ പ്രവർത്തിയ്ക്കുവാൻ തുടങ്ങിയപ്പോൾ പ്രത്യക്ഷപ്പെട്ടു 'മൊബിലിറ്റി ഹബ്ബ്'.

കിഴക്കേകോട്ടയിലെ കുപ്രസിദ്ധമായ ഗതാഗതക്കുരുക്കിന് കാരണമായ ബസ്സുകളെ നിരത്തിൽനിന്നും കുറച്ച് നേരത്തേയ്ക്ക് മാറ്റിനിർത്തുവാൻ ഒരു ചെറിയ ബസ് ബേ. അതിന്റെകൂടെ പൈതൃകപ്രദേശമായ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ചുറ്റും പൊന്തിവന്നിരിക്കുന്ന പെട്ടിക്കടകളേയും തകരപ്പറമ്പ് ഫ്ളൈ ഓവർ വന്നപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവരെയും മാറ്റി സ്ഥാപിക്കുവാൻ ഒരു ഷോപ്പിംഗ് കോംപ്ലക്സ്. 140 കടകൾക്കാണ് മാറ്റിപ്പാർപ്പ് അവകാശപ്പെട്ടതെങ്കിലും 200 കടകൾ നിർമ്മിക്കപ്പെടും. തകരപ്പറമ്പ് ഫ്ളൈഓവറിൽനിന്നും ഒഴിപ്പിക്കപ്പെടുന്നവർക്കായി മാറ്റിവച്ചിരുന്ന ഭൂമി അധികമാരും ശ്രദ്ധിക്കപ്പെടാതെപോയ ഒരു കച്ചവടപ്രക്രിയയിലൂടെ ഏതാനും വർഷം മുമ്പ് 'ബിഗ്ബസാറിന്റെ' പക്കലായി.

അപ്പോഴല്ലേ ട്രിഡയുടെ കണ്ണ് അട്ടക്കുളങ്ങര സ്കൂളിൽ പതിയുന്നത്. 'പാവപ്പെട്ട' കുറച്ച് കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളായി സെൻട്രൽ ഹൈസ്കൂൾ ചുരുങ്ങിയിട്ട് ഒരു ദശകമേ ആയുള്ളു. 1999–2000 കാലഘട്ടത്തിൽ 1500 കുട്ടികൾ തമിഴ്, മലയാളം, ഇംഗ്ലീഷ് മീഡിയത്തിലിവിടെ പഠിച്ചിരുന്നു. പട്ടം താണുപിള്ള, ഉള്ളൂർ എസ്. പരമേശ്വര അയ്യർ എന്നിവർ ഇവിടെ അദ്ധ്യാപകരായിരുന്നു. 'പ്രഗത്ഭരും ഉന്നതപദവിയി'ലെത്തിയവരും ഇവിടെ വിദ്യാർത്ഥികളായിരുന്നു. പക്ഷേ 'പാവപ്പെട്ട' കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളായി ഇവിടം മാറിയത് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ തകർച്ചയുടെ ഇരുണ്ട ഏടുകളിലൊന്നാണ്. 2000 മുതൽ ഹയർ

⇨ ട്രിഡയുടെ ഭൂമിയിൽ 42 മരങ്ങൾ നമ്പറിട്ട് മഞ്ഞ പെയിന്റടിച്ച് നിർത്തിയിട്ടുണ്ട് ⇨


അട്ടക്കുളങ്ങര സ്കൂൾ മുറ്റത്തെ വലിയ തണൽ വൃക്ഷങ്ങൾ.

സെക്കണ്ടറിയ്ക്ക് ശ്രമിച്ചെങ്കിലും അപേക്ഷകൾ അവഗണിയ്ക്കപ്പെടുകയായിരുന്നു. സമ്പത്തും രാഷ്ട്രീയ പിൻബലവും അധികാരവുമുള്ള ഒരു രക്ഷകർതൃ സംഘടനയൊന്നും സ്കൂളിലുണ്ടായിരുന്നില്ല. കൂലിവേല ചെയ്യുന്നവർ, തീരദേശവാസികൾ, ഗാർഹിക തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരുടെ മക്കളാണിവിടെ പഠിക്കുന്നത്. ഈ കൂട്ടർക്കെന്തിനാണ് 'ഉന്നത വിദ്യാഭ്യാസ' സ്വപ്നങ്ങൾ? കഴിഞ്ഞ കുറേ വർഷങ്ങളായി എസ്എസ്എൽസിയ്ക്ക് മുഴുവൻ വിജയവും കൈവരിച്ച സ്കൂളിലൊന്നാണ് അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂൾ! എന്നാൽ അധികാരികളുടെ കണ്ണിൽ 'സാമൂഹ്യവിരുദ്ധരുടെയും പട്ടിണിപ്പാവങ്ങളുടെയും' ഒരു കേന്ദ്രം മാത്രമാണീ സ്കൂൾ. അവരുടെ ജീവിതത്തിനും സ്വപ്നങ്ങൾക്കും തുച്ഛമായ വിലയേയുള്ളു.

എന്നാൽ സെൻട്രൽ ഹൈസ്കൂളിലെ ഓരോ മൺതരിയ്ക്കും കോടികളുടെ വിലയുണ്ട്, രണ്ട് ഏക്കർ കൈക്കലാക്കിയ 'ട്രിഡ' കോടികളുടെ ആസ്തിയുള്ള സ്ഥാപനമായി മാറുവാൻ 2013 ജനുവരിയിലെ ഒരു സർക്കാർ ഉത്തരവ് സഹായകമായി. ഈ കൈമാറ്റത്തിന് ഒരു ഓമനപ്പേരിട്ടു– 'നഗരവികസനം'. 2013–14 കാലഘട്ടത്തിൽ റോഡു മുറിച്ചു കടക്കുവാൻ പര്യാപ്തമായ ഇടങ്ങളില്ലാതെ കിഴക്കേകോട്ടയിൽ പൊലിഞ്ഞ ജീവിതങ്ങളെ 'മൊബിലിറ്റി ഹബ്ബ്' നിർമ്മിച്ചിരുന്നുവെങ്കിൽ രക്ഷിക്കാമായിരുന്നു എന്ന വാദമുഖവും ഉയർന്നുവന്നു.

5.3 ഏക്കറുള്ള സ്കൂളിൽനിന്നും 'വെറും' രണ്ട് ഏക്കർ നഗരവികസനത്തിന് കൈമാറുന്നതിൽ എന്താണ് തെറ്റ് എന്ന ചോദ്യവും ഉയർന്നുകേട്ടു. മരങ്ങളെ സംരക്ഷിക്കണമെന്ന് ഉന്നയിച്ചുകൊണ്ട് തുടങ്ങിയ ക്യാമ്പയിൻ ചുരുങ്ങിയ സമയംകൊണ്ട് പുതിയതും ആഴത്തിലുള്ളതുമായ ചർച്ചകൾക്ക് വഴിതെളിച്ചു. അതിൽ പ്രധാനപ്പെട്ട ചോദ്യങ്ങൾ ഇവയെല്ലാമായിരുന്നു.

1. സർക്കാർ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്കൂളിലെ ഭൂമി വിദ്യാഭ്യാസേതര കച്ചവട താൽപര്യങ്ങൾക്കായി കൈമാറ്റുവാൻ പാടുള്ളതാണോ?
2. ഒരു സർക്കാർ സ്കൂൾ 'ലാഭകരമല്ല' എന്ന് മുദ്ര കുത്താൻ ഉപയോഗിക്കുന്ന മാനദണ്ഡങ്ങളേവ?
3. കുറച്ച് വർഷങ്ങൾക്കു മുമ്പ് ബസ്സ്റ്റോപ്പ് നിർമ്മിക്കുവാനും റോഡ് വീതികൂട്ടുവാനും സ്കൂൾ ഭൂമി എടുത്തപ്പോൾ സൃഷ്ടിക്കപ്പെട്ട പുതിയ ഗതാഗതക്കുരുക്കിനെ ഈ പദ്ധതി വന്നാൽ ഇരട്ടിപ്പിക്കുകയില്ലേ?

ഇതിനിടയിൽ ഹൈക്കോടതിയിൽ ഒരു പൊതുതാൽപര്യ ഹർജി 2014ൽ സമർപ്പിക്കപ്പെട്ടു. ആദ്യത്തെ ഘട്ടത്തിൽ കോടതിയിൽനിന്നും സ്റ്റേ ലഭിച്ചുവെങ്കിലും 2015 ജൂലായ് മാസത്തോടെ ട്രിഡയുടെ പദ്ധതിയ്ക്ക് അനുകൂലമായ ഒരു തീരുമാനം വന്നു. പക്ഷെ ഉപാധി

കളോടെയാണ് കോടതിവിധി. ഉപാധികളെന്ത് എന്നല്ലേ?

സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം വരാത്ത രീതിയിൽ ട്രിഡയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കണം. സ്കൂൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം തകർക്കുന്നതു കാരണം 10 ക്ലാസ് മുറികൾ നിർമ്മിയ്ക്കണം. പക്ഷെ, യഥാർത്ഥത്തിൽ സ്കൂളിന്റെ അടുക്കള, കുട്ടികൾ ഭക്ഷണം കഴിക്കുന്ന ഹാൾ, ആൺകുട്ടികളുടെ മൂത്രപ്പുര, സ്റ്റേജ്, കളിക്കളം എന്നിവയും ട്രിഡയ്ക്ക് കൈമാറിയ രണ്ട് ഏക്കറിലാണ് സ്ഥിതി ചെയ്യുന്നത്. '1889- നേറ്റീവ് സ്കൂൾ' എന്നെഴുതിയ, 2013വരെ സ്കൂളിന്റെ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടവും ഇതിൽപ്പെടും. ഇവയെല്ലാം ഇപ്പോൾ സ്കൂൾ



പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിന് ചുറ്റും മാറ്റി നിർമ്മിച്ചതിനുശേഷമേ ട്രിഡയുടെ മൊബിലിറ്റി ഹബ്ബ് തുടങ്ങാൻ പറ്റുകയുള്ളു.

ട്രിഡയുടെ ഭൂമിയിൽ 42 മരങ്ങൾ നമ്പറിട്ട് മഞ്ഞ പെയിന്റടിച്ച് നിർത്തിയിട്ടുണ്ട്. നിരന്തരമായ സമ്മർദ്ദം കാരണം എല്ലാ മരവും മുറിയ്ക്കില്ലെന്ന് ഉറപ്പുതന്നിട്ടുണ്ട്. കോടതിവിധിയിൽ 10 മരങ്ങൾ മുറിയ്ക്കുവാനും അതിനുപകരം ഹരിതാഭ നഷ്ടപ്പെടാതെ 30 പുതിയ മരങ്ങൾ നടുവാനും പറഞ്ഞിരിക്കുന്നു. ഒട്ടനവധി സംശയങ്ങൾ അവശേഷിപ്പിക്കുന്നതാണീ പ്രസ്താവന. സ്കൂൾ വളപ്പിലെ മരങ്ങൾ ശ്രദ്ധിച്ചാൽ അറിയാൻ കഴിയുന്ന ഒരു വസ്തുത ഏറ്റവും പ്രായമുള്ള വലിപ്പമുള്ള കൂറ്റൻ 10 മരങ്ങളാണ് മുറിയ്ക്കേണ്ടിവരിക എന്നകാര്യം. ഇതിന്റെ ചുവട്ടിൽ ചൂടേറിയ കിഴക്കേകോട്ട

പ്രദേശത്ത് നിന്നും 5-6 ഡിഗ്രി സെൽഷ്യസ് വരെ താപനിലയിൽ വ്യത്യാസം രേഖപ്പെടുത്തിയിരിക്കുന്നു. കാർബൺ സ്വാംശീകരണം വഴി വിഷലിപ്തമായ അന്തരീക്ഷം ശുദ്ധീകരിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്ന ഉറക്കം തൂങ്ങി മരങ്ങളാണ് മൂന്നാലെണ്ണം. പത്ത് മരങ്ങൾ മുറിച്ചുകഴിയുമ്പോൾ ഉണ്ടാകുവാൻ പോകുന്ന പാരിസ്ഥിതിക ആഘാതം ലഘൂകരിക്കുവാൻ കഴിയില്ല. നഗരത്തിന്റെ നടുവിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആക്കം കൂട്ടുന്ന നാഗരിക താപദ്വീപ് ആഘാതം (urban heat island effect) കുറയ്ക്കുവാൻ ഈ പച്ചത്തുരുത്തിന് കഴിയുന്നത് ഈ മരങ്ങൾ കാരണമാണ്. 60-70 വർഷങ്ങൾ പഴക്കമുള്ള മരങ്ങളുടെ സാന്നിധ്യമില്ലാതെയാകുമ്പോൾ, പകരം

നടുന്ന 30 മരങ്ങൾ എത്ര കാലംകൊണ്ടാണ് ഇവയ്ക്ക് പകരമാവുക എന്ന ചോദ്യം അവശേഷിക്കുന്നു.

കോടതിവിധി കോയതിയലക്ഷ്യമാവാതെ നടപ്പിലാക്കുവാൻ ട്രിഡയിന്ന് വ്യഗ്രതപ്പെടുകയാണ്. പത്ത് ക്ലാസ്സ് മുറികൾ മാത്രമോ ഒരു ഹൈസ്കൂൾ എന്ന ചോദ്യത്തിന് മറുപടി തരുവാൻ അധികാരികൾ തയ്യാറാകുന്നുമില്ല.

2013-14ൽ 109 കുട്ടികളിൽ താഴെ പഠിച്ചിരുന്ന ഈ സ്കൂളിൽ സ്കൂൾ സംരക്ഷണ സമിതിയുടെ പ്രവർത്തനം കാരണം 135 കുട്ടികൾ ചേരുവാനിടയായി. ഏതാനും വർഷങ്ങളായി എസ്എസ്എൽസിയ്ക്ക് മുഴുവൻ വിജയവും കരസ്ഥമാക്കുന്ന ഈ സ്കൂളിലെ കുട്ടികൾ തുടർന്നു പഠിക്കുന്നുണ്ടോ എന്നാരും അന്വേഷിച്ചുകാണില്ല.

➪ *സ്കൂളിന് ഹയർസെക്കന്ററി പദവി അനുവദിച്ച് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിച്ചു* ➪

വികസനപദ്ധതികളെ എതിർക്കുന്ന എല്ലാവരും ഇന്ന് അഭിമുഖീകരിക്കുന്ന ഒരു ചോദ്യമുണ്ട്. ബദൽ നിർദ്ദേശങ്ങൾ കണ്ടുപിടിച്ച് കൊടുക്കുവാനും അവർ ബാദ്ധ്യസ്ഥരത്രെ! ട്രീവാക്ക് എന്ന കൂട്ടായ്മയിലെ അംഗങ്ങൾ ഒന്നിച്ച് ചേർന്ന് കിഴക്കേകോട്ട പ്രദേശത്തുതന്നെ സർക്കാരിന്റെ കൈവശമുള്ള മൂന്ന് സ്ഥലങ്ങൾ കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഒരു സാങ്കേതികവിദഗ്ധരുടെ കമ്മിറ്റിയെ നിയോഗിച്ച് സമഗ്രമായ ഒരു വികസന പദ്ധതി തയ്യാറാക്കി വേണം മുന്നോട്ട് പോകുവാൻ എന്നു നിർദ്ദേശിക്കുകയും ചെയ്തു. സ്കൂളിന് ഹയർസെക്കന്ററി പദവി അനുവദിച്ച് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിച്ചു. പക്ഷെ സ്ഥലം എം.എൽ.എയും ആരോഗ്യവകുപ്പ് മന്ത്രിയുമായ വി.എസ്. ശിവകുമാർ ഉൾപ്പെടെയുള്ളവർ സ്കൂളിനെ അവഗണിയ്ക്കുവാനും വികസനപദ്ധതിയ്ക്കുവേണ്ടി ഭൂമിയാണ് ആവശ്യമെന്നതിനെ ന്യായീകരിക്കുവാനും വ്യഗ്രത കാണിക്കുന്നു.

'ഏതാനും' മരങ്ങളും വളരെ 'അപ്രസക്തമായ' ജൈവവൈവിധ്യ കണക്കുകളും അട്ടക്കുളങ്ങര സ്കൂൾ ഭൂമിയെ രക്ഷിയ്ക്കില്ലെന്ന് പരിസ്ഥിതി സ്നേഹികൾ ഉൾപ്പെടെ ഉപദേശിയ്ക്കുവാൻ തുടങ്ങിയിരിക്കുന്നു. 135 കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും ഇന്ന് വലിയ വിലയൊന്നുമില്ലത്രെ! പിന്നെയെന്തിനാണ് വില? ഒരു മാർബിൾ ഫലകത്തിൽ ശിലാസ്ഥാപന ദിവസം സ്വന്തം പേര് കൊത്തി എഴുതി കാണണമെന്ന വികസന സങ്കൽപമുള്ള ട്രിഡയാണോ ശരി?

ജീവിതങ്ങൾ റോഡിൽ പൊലിഞ്ഞതിന് കാരണം മരപ്രേമികളുടെ ശാഠ്യമാണെന്ന് വിശ്വസിയ്ക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മുതിർന്ന പത്രപ്രവർത്തകരും വാസ്തുശിൽപ്പികളുമാണോ ശ്രദ്ധിക്കപ്പെടേണ്ടത്?

അതോ, വികസിക്കുന്ന നഗരത്തിന് ശ്വാസകോശങ്ങളായി നിലനിൽക്കുന്ന പച്ചത്തുരുത്തകളെപ്പറ്റി പറയുന്നവരോ? കുട്ടികൾക്കും മുതിർന്നവർക്കും സ്വൈര്യമായി വിഹരിക്കുവാൻ കഴിയുന്ന സുരക്ഷിതമായ ഒരു പൊതു ഇടമായി ഈ അഞ്ച് ഏക്കർ വികസിപ്പിച്ച് നിലനിർത്തണമെന്ന് പറയുന്നവരോ? ചരിത്രം ഉറങ്ങുന്ന സ്കൂൾകെട്ടിടം പുതുക്കിയെടുത്ത് അവിടെ ഒരു 'ചരിത്രനടവഴി' (walkway) ഉണ്ടാക്കി പൊതുജനത്തിന് പഠിക്കുവാനും ചിന്തിക്കുവാനുമുള്ള ഇടമായി മാറ്റണമെന്ന് നിർദ്ദേശിച്ചവരോ? തിരുവനന്തപുരം നഗരത്തിലെ വിദ്യാലയങ്ങളിലെ പരിസ്ഥിതിക്ലബ്ബ് അംഗങ്ങളെ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ബാലപാഠങ്ങൾ മനസ്സിലാക്കുവാൻ പര്യാപ്തമായ ഒരു ജൈവവൈവിധ്യഹബ്ബ് ആക്കി ഈ പ്രദേശം പ്രഖ്യാപിക്കണമെന്ന പദ്ധതി മുന്നോട്ട് വെച്ചവരോ?

ചോദ്യങ്ങൾക്ക് മറുപടി കിട്ടാതെയിരിക്കുമ്പോഴും സുസ്ഥിരമായ ഒരു സ്ഥിതിവിശേഷം വിഭാവന ചെയ്യുവാൻ 'അട്ടക്കുളങ്ങര' പ്രശ്നം നഗരവാസികൾക്ക് അവസരം നൽകിയിരിക്കുന്നു. അതായിരിക്കാം ഈ പ്രശ്നത്തിലേർപ്പെട്ടവർക്ക് ഉയർത്തുവാൻ കഴിഞ്ഞ പ്രസക്തമായ സന്ദേശം. അവസാനവാക്ക് അവരുടേതുതന്നെയാവും! ■

## പുഴയോളങ്ങൾ

**2016 ജനുവരി 8ന്**
**രാവിലെ 9.30 മുതൽ വൈകീട്ട് 4.00 വരെ**
**ഗവ. ബോയ്സ് ഹൈസ്കൂൾ, ചാലക്കുടി**

ചാലക്കുടിപ്പുഴത്തടത്തിലെ
സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ
നടത്തുന്ന സ്കൂൾസ് ഫോർ റിവർ
പ്രോഗ്രാമിന്റെ ഭാഗമായി
കുട്ടികൾ ചെയ്ത
പ്രവർത്തനങ്ങളുടെ അവതരണങ്ങൾ.

മുഖ്യാതിഥി: പ്രശസ്ത മോഹിനിയാട്ടം നർത്തകി
**വിനീത നെടുങ്ങാടി**

**സംഘാടനം: റിവർ റിസർച്ച് സെന്റർ, 9847260703**

## കോപ്പി കിട്ടുന്നില്ലെങ്കിൽ

കേരളീയം കോപ്പി നിങ്ങൾക്ക് പോസ്റ്റലായി കിട്ടുന്നില്ലെങ്കിൽ വിളിക്കുക. 9633958912

## ആദരാഞ്ജലികൾ



അന്തരിച്ച പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ഇന്ത്യന്നൂർ ഗോപി മാഷിന് ആദരാഞ്ജലികൾ. ഇടതുപക്ഷ രാഷ്ട്രീയത്തിലൂടെ പൊതുരംഗത്ത് സജീവമായ അദ്ദേഹം അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി ജില്ലാ കമ്മിറ്റിയംഗമായി വരെ പ്രവർത്തിച്ച ശേഷമാണ് പരിസ്ഥിതി മേഖലയിലേക്ക് തിരിയുന്നത്. ഭാരതപ്പുഴ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾക്കും പ്ലാച്ചിമട സമരത്തിലും മരണം വരെ സജീവമായിരുന്നു.